<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4200 — 20/03/2018-ൽ മറുപടിയ്ക്ക്

## എടച്ചേരി ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ്

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് ബിൽഡിംഗ് പൊളിച്ച് മാറ്റുന്നത് സംബന്ധിച്ചുള്ള DB2/151 അപേക്ഷ എന്നാണ് ലഭിച്ചത്; | (എ) | 2017 ഏപ്രിൽ മാസം 28-ാം തീയ്യതി. |
| (ബി) | പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) & (സി) | പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിലവരുന്ന ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതെ പൊളിച്ചു മാറ്റാവുന്നതാണ്. ഇതു സംബന്ധിച്ച പൊതു മരാമത്ത് വകുപ്പിന്റെ സർവ്വെ റിപ്പോർട്ട് ലഭിക്കാൻ വൈകുന്നതാണ് കാലതാമസത്തിന് കാരണം. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീർപ്പാക്കുന്നതാണ്. |
| (സി) | എത്ര ദിവസത്തിനുള്ളിൽ ഫയലിന്മേൽ തീർപ്പാക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ